# പുതുക്കോട് ഗ്രാമപഞ്ചായത്ത്

പുതുക്കോട്. പി. ഒ, പാലക്കാട് ജില്ല
ഫോൺ : 04922 266227, 9496047259
Email – ddpputhucodepkd@gmail.com


നം. ജി.പി.എ/5482/2023 തിയ്യതി: 25.05.2024

പ്രേഷിതൻ

സെക്രട്ടറി
പുതുക്കോട് ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ബഹു. ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്

സർ,

വിഷയം – പുതുക്കോട് ഗ്രാമപഞ്ചായത്ത് - നവകേരള സദസ്സ് - പരാതികളുടെ തൽസ്ഥിതി സംബന്ധിച്ച്

സൂചന – ബഹു. ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നുള്ള 24.05.2024 തിയ്യതിയിലെ ഫോൺ സന്ദേശം

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. നവകേരള സദസ്സിൽ ലഭിച്ച കെട്ടിട നമ്പറിംഗമായി ബന്ധപ്പെട്ട് 4 പരാതികൾ ലഭിച്ചിരുന്നു. ആയതിന്റെ തൽസ്ഥിതി ചുവടെ ചേർക്കുന്നു.

1. മുഹമ്മദ് എ, ഫാസിൽ മൻസിൽ, മണപ്പാടം, പാലക്കാട് എന്നവരുടെ പരാതിയിൽ പറഞ്ഞിരിക്കുന്ന കെട്ടിട നമ്പറിനായുള്ള അപേക്ഷയിൽ തൊട്ടടുത്ത കെട്ടിടത്തിന്റെ അതിരിനോട് ചേർത്താണ് കെട്ടിടം പണിതിരിക്കുന്നത്. ആയത് അതിരിനോട് ചേർന്നുള്ള സ്ഥലമുടമയിൽ നിന്ന് സമ്മതപത്രം ഹാജരാക്കി പ്ലാനിലെ അപാകതകൾകൂടി പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ അപേക്ഷ പുനഃസമർപ്പിക്കാത്തതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല.
2. വിപിൻ വി, പൂരത്തറ, കീഴ, പുതുക്കോട് എന്നവരുടെ പരാതിയിൽ പറഞ്ഞിരിക്കുന്ന കെട്ടിടം 220 ബി വൈലേഷൻ ആയതിനാൽ ആയത് പരിഹരിച്ച് അപേക്ഷ

പുനഃസമർപ്പിക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നു. ആയത് അപേക്ഷ പുനഃസമർപ്പിക്കാത്തതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല.

3. ബുഷറ, കളത്തിൽ ഹൌസ്, തെക്കേപ്പൊറ്റ, പുതുക്കോട് എന്നിവർ പരാതിയിൽ പരാമർശിച്ച പോലെ കെട്ടിട നമ്പറിംഗിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. ആയത് സമർപ്പിക്കുന്നതിനായി അറിയിപ്പ് നൽകിയിരുന്നുവെങ്കിലും നാളിതുവരെയായി സമർപ്പിച്ചിട്ടില്ല.
4. വീരാൻകുട്ടി, ചുങ്കത്ത് ഹൌസ്. വടക്കേപ്പൊറ്റ, തെക്കേപ്പൊറ്റ എന്നിവർ പരാതിയിൽ പരാമർശിച്ച പോലെ കെട്ടിട നമ്പറിംഗിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. ആയത് സമർപ്പിക്കുന്നതിനായി അറിയിപ്പ് നൽകിയിരുന്നുവെങ്കിലും നാളിതുവരെയായി സമർപ്പിച്ചിട്ടില്ല.

വിശ്വസ്തതയോടെ,

SECRETARY
PUTHUCODE GRAMA PANCHAYAT